# Athmaraksha.org

ഈശോയുടെ തിരുഹൃദയത്തിന്റെ വണക്കമാസം-ജൂൺ

June 28



## ഈശോയുടെ തിരുഹൃദയത്തിന്റെ വണക്കമാസം: ജൂൺ 28

### ഈശോയുടെ ദിവ്യഹൃദയമാണ് മരണസമയത്തു നമുക്കുള്ള ആശ്വാസം

ജനിച്ചാൽ മരിക്കണണമെന്നത് നിഷേധിക്കാൻ പാടില്ലാത്ത സത്യമാകുന്നു. പാപം മുഖാന്തിരത്താൽ മരണം ലോകത്തിലേക്കു കടന്നുവെന്നു വേദാഗമം സാക്ഷിക്കുന്നു. പരമസ്രഷ്ടാവായ ദൈവം ആദിമാതാപിതാക്കൻമാരായ ആദത്തേയും ഹവ്വയേയും സൃഷ്ടിച്ച് പറുദീസായിൽ അവർക്ക് ലൗകികമായ സകല സൗഭാഗ്യങ്ങളും നൽകി. എന്നാൽ വിലക്കപ്പെട്ട കനിയെ ഭക്ഷിച്ച ഉടനെ 'നിങ്ങൾ മരിക്കും' എന്നായിരുന്നു ദൈവം അവരോടു കൽപ്പിച്ചത്. ഈ ആദിമാതാപിതാക്കന്മാർ മനുഷ്യവർഗ്ഗത്തിന്റെ പ്രതിനിധികളായിരുന്നതിനാൽ ഇവർക്കുണ്ടായ ശിക്ഷ അന്നുമുതൽ ഉണ്ടാകുവാനിരുന്ന സകല മനുഷ്യരിലും വ്യാപിപ്പാനിടയായി. ചിലർ ദീർഘകാലം ജീവിച്ചും ചിലർ യൗവനപ്രായത്തിലും മറ്റുചിലർ ശിശുപ്രായത്തിലും എങ്ങനെയെങ്കിലും മരിക്കാതെ നിവൃത്തിയില്ല. ഈ സത്യം ലോകാരംഭം മുതൽ ഇന്നുവരെയുള്ള സംഭവങ്ങൾ കൊണ്ട് ബോദ്ധ്യപ്പെടാവുന്നവയാണ്.

ഭാഗ്യം അല്ലെങ്കിൽ ദുർഭാഗ്യം എന്നിവയുടെ ആരംഭം ഭാഗ്യമായ അഥവാ നിർഭാഗ്യമായ ഒരു മരണത്തിന്റെ ഫലമാകുന്നു. എന്നാൽ ഈ മരണം വാർദ്ധക്യത്തിലോ, യൗവ്വനപ്രായത്തിലോ, സ്വഭവനത്തിൽ വച്ചോ, അന്യസ്ഥലങ്ങളിൽ വച്ചോ, ദൈവപ്രസാദസ്ഥിതിയിലോ, പാപത്താൽ അശുദ്ധമായിരിക്കുമ്പോഴോ എപ്പോഴെന്നും എവിടെവച്ചെന്നും കണ്ടുപിടിക്കാൻ മനുഷ്യർ ശക്തരല്ല. എന്തുകൊണ്ടെന്നാൽ ആലോചിക്കാത്ത ആ നാഴികയിൽ ഒരു കള്ളനെപ്പോലെ താൻ വരുമെന്ന് പരമ ഗുരുവായ ഈശോമിശിഹാ അരുളിച്ചെയ്തിരിക്കുന്നു. ആകയാൽ നിന്റെ മരണത്തിന്റെ നാഴിക അറിയുന്നയാൾ സത്യദൈവമായ ഈശോമിശിഹാ ആകുന്നു. അവിടുന്ന് ഇതിനെ വെളിപ്പെടുത്തുന്നില്ലായെങ്കിൽ യാതൊരു സൃഷ്ടികൾക്കും കണ്ടുപിടിക്കാനും അറിയുവാനും ഒരിക്കലും കഴിയുകയില്ല.

അതിനാൽ നിന്റെ ജീവിതകാലത്തിൽ ഈശോയുടെ പുണ്യങ്ങളെ കണ്ടുപഠിക്കുകയും തന്റെ

ദിവ്യഹൃദയത്തെ സ്നേഹിക്കുകയും ചെയ്താൽ തന്റെ പ്രസാദം കൂടാതെ ഒരിക്കലും മരിപ്പാൻ സംഗതിയാകയില്ല. മരണസമയത്തിൽ ഉണ്ടാകുന്ന നാനാവിധ പീഡകളിൽ നിന്നും പരീക്ഷകളിൽനിന്നും നിന്റെ ആത്മാവിന് യാതൊരു അപകടവും നേരിടുകയില്ലായെന്നു തന്നെയല്ല, ഈവക ദുരിതങ്ങളാൽ സ്വർഗ്ഗത്തിൽ വലുതായ ബിരുദവും മഹിമയുമുള്ള ഒരു സിംഹാസനം ലഭ്യമാകുകയും ചെയ്യും. നിന്റെ മരണസമയത്തിൽ വലുതായ ശരണക്കേടോ നിന്റെ ജീവിതകാലത്തിൽ ചെയ്തു പോയിട്ടുള്ള പാപങ്ങൾക്കു പരിഹാരം ലഭിച്ചോ ഇല്ലയോ എന്നുള്ള സംശയങ്ങളോ നേരിട്ടുന്നതായിരുന്നാൽ കൃപനിറഞ്ഞ ഈശോയുടെ ദിവ്യഹൃദയം ആ ഭയങ്കര യുദ്ധത്തിൽ നിനക്ക് ശരണവും ആശ്രയവും രക്ഷയും ആയിരിക്കും. എന്തുകൊണ്ടെന്നാൽ, ദിവ്യരക്ഷിതാവുതന്നെ ഭാഗ്യപ്പെട്ട മർഗ്ഗരീത്തായിക്കു കാണപ്പെട്ട് തന്റെ ദിവ്യഹൃദയ ഭക്തന്മാരുടെ ജീവിതകാലത്തിലും പ്രത്യേകം അവരുടെ മരണ സമയത്തിലും താൻ അവർക്കു നിശ്ചയമുള്ള സങ്കേതസ്ഥാനമാകുമെന്നും തന്റെ പ്രസാദം കൂടാതെയും ദിവ്യകൂദാശകൾ കൈക്കൊള്ളാതെയും അവർ മരിക്കയില്ലായെന്നും അന്തിമസമയം വരെയും അവർക്കു താൻ തുണയായിരിക്കുമെന്നും വാഗ്ദാനം ചെയ്തിരിക്കുന്നു.

ഹാ! എന്റെ ആത്മാവേ! നിന്റെ സകല പീഡകളിലും വിഷമതകളിലും നിന്നെ സഹായിപ്പാൻ ശേഷിയുള്ള ഒരു! സ്നേഹിതനെ ലഭിച്ചാൽ അയാളുടെ സ്നേഹബന്ധത്തിൽ നിന്നു മാറാതിരിക്കാൻ എത്രമാത്രം നീ ശ്രദ്ധാലുവായിരിക്കും? നിന്റെ സർവ്വവ്യാധികളെയും രോഗങ്ങളേയും കൃത്യമായി തിരിച്ചറിഞ്ഞ് മരണത്തിൽ നിന്ന്! രക്ഷിപ്പാൻ പ്രാപ്തിയുള്ള ഒരു വൈദ്യനെ നീ എത്രമാത്രം ബഹുമാനിക്കയും എത്രമാത്രം ധനവ്യയം ചെയ്തു അയാളുടെ പ്രീതി സമ്പാദിക്കയും അയാളിൽ ആശ്രയിക്കുകയും ചെയ്യുമായിരുന്നു! സകലത്തെയും പൂർണ്ണമായി തൃക്കണ്പാർത്തിരിക്കുന്നവനും എല്ലാവക തിന്മകളിൽ നിന്നും ഒഴിവാക്കുന്ന സർവ്വശക്തനും നിന്റെ മരണത്തിന്റെ സമയം കൃത്യമായി അറിയുന്നവനും ദുർമരണത്തിൽ നിന്നു രക്ഷിക്കാൻ അത്യാശയോടെ ആഗ്രഹിക്കുന്നവനും ഇങ്ങനെ രക്ഷിപ്പാൻ ശക്തിയുള്ളയാളും ഉത്തമ സ്നേഹിതനും ഒരിക്കലും തെറ്റുവരാത്ത വൈദ്യനുമായ ഈശോമിശിഹായുടെ ദിവ്യഹൃദയത്തെ സ്നേഹിക്കാതിരിക്കുന്നതെന്തുകൊണ്ട്? സർവ്വ നന്മകളും അടങ്ങിയിരിക്കുന്ന ഈ ദിവ്യഹൃദയത്തെ !സ്നേഹിച്ച് സേവിക്കാതിരിക്കുന്നതിൽ നിനക്കു നഷ്ടീഭവിക്കാനിരിക്കുന്ന ഭാഗ്യത്തെപ്പറ്റി നീ ആലോചിക്കുന്നില്ലല്ലോ? ദുർഭാഗ്യത്തിൽ നിന്നും നിത്യമരണത്തിൽ നിന്നും രക്ഷ പ്രാപിപ്പാൻ ആഗ്രഹിക്കുന്നുവെങ്കിൽ, സമയമുള്ളപ്പോൾതന്നെ കൃപനിറഞ്ഞ ഈശോയുടെ ദിവ്യഹൃദയത്തിൽ നീ അഭയം പ്രാപിച്ചുകൊൾക.

### ജപം

മനുഷ്യരക്ഷമേൽ ഇത്രയും താല്പര്യമുള്ള ഈശോയെ! കൃപനിറഞ്ഞ പിതാവേ! ഇതാ ഞാൻ അങ്ങേ തിരുസന്നിധിയിൽ എന്റെ പാപങ്ങളിൽന്മേൽ മനസ്താപപ്പെട്ടു നിൽക്കുന്നു. മാധുര്യം നിറഞ്ഞ ഈശോയുടെ ദിവ്യഹൃദയമേ! അങ്ങുമാത്രം എന്റെ അവസാന നാഴികയും പിന്നീട് എനിക്ക് സംഭവിപ്പാനിരിക്കുന്നതും അറിയുന്നു. കർത്താവേ! അങ്ങേ അളവറ്റ കൃപയാൽ എനിക്ക് ഒരു നല്ലമരണവും നല്ല വിധിയും കിട്ടുമെന്ന് ശരണപ്പെടുന്നു. കാരുണ്യം നിറഞ്ഞ ഈശോയേ! എന്റെ അവസാനത്തെ ആ നാഴിക ഇപ്പോൾതന്നെ അങ്ങേയ്ക്കു കയ്യേൽപ്പിചിരിക്കുന്നു. എന്റെ കാലുകൾ ഇളക്കുവാൻ വയ്യാതെയും കൈകൾ വിറച്ചു മരവിച്ച് കുരിശിന്മേൽ പതിക്കപ്പെട്ട അങ്ങയെ പിടിച്ചു തഴുകുവാൻ പാടില്ലാതെയിരിക്കുമ്പോഴും മരണ ഭയത്താൽ കണ്ണുകൾ ഇരുണ്ട് അങ്ങയെ നോക്കി അങ്ങേ തിരുനാമം വിളിക്കുന്ന ആ സമയത്തിലും മരണസമയത്തിൽ എന്റെ രക്ഷയുടെ ശത്രുക്കളോടു യുദ്ധം ചെയ്യുമ്പോഴും,കരുണ നിറഞ്ഞ ഈശോയെ, എന്റെ മേൽ കൃപയായിരിക്കണമേ. ആ ഭയങ്കര സമയത്തിൽ എന്റെ സകല പാപങ്ങളും നന്ദികേടുകളും ഓർക്കാതെ അങ്ങേ അളവറ്റ സ്നേഹത്തെയും ദയയും എന്നോടു കാണിച്ചരുളണമേ. എന്റെ പാപം നിറ്റഞ്ഞ ആത്മാവ് ശരീരത്തിൽ നിന്നു വേർപിരിയുമ്പോൾ അങ്ങേ തിരുരക്തത്താൽ അതിനെ കഴുകി ശുദ്ധീകരിച്ച് അങ്ങേ പരിശുദ്ധ ഹൃദയത്തിൽ കൈക്കൊള്ളണമെന്ന് സാഷ്ടാംഗം വീണ് ഞാൻ പ്രാർത്ഥിക്കുന്നു.

### പ്രാർത്ഥന

കർത്താവേ, അങ്ങേ മണവാട്ടിയായ തിരുസ്സഭയ്ക്കു പൂർണ്ണസ്വാതന്ത്ര്യം കൊടുത്തരുളേണമേ. ഞങ്ങളുടെ പിതാവായ പരിശുദ്ധ പാപ്പായെ സംരക്ഷിക്കണമേ. എല്ലാവരും അങ്ങേ ഏക സത്യസഭയെ അറിഞ്ഞ് ഏക ഇടയന്റെ കീഴാകുന്നതിന് വേഗത്തിൽ ഇടവരുത്തണമേ! നിർഭാഗ്യ പാപികളുടെമേൽ കൃപയായിരിക്കേണമേ. അനുഗ്രഹത്തിന്റെ അമ്മയായ മറിയമേ, ദിവ്യഹൃദയത്തിൻ നാഥേ! ഞാൻ അപേക്ഷിക്കുന്നതും ആഗ്രഹിക്കുന്നതുമായ സകല വരങ്ങളും അങ്ങേ ശക്തമായ മദ്ധ്യസ്ഥതയിൽ ശരണപ്പെട്ട് അങ്ങു വഴിയായി ലഭിക്കുമെന്ന് പൂർണ്ണമായി ഉറച്ചിരിക്കുന്നു. ആമ്മേൻ. (3 സ്വർഗ്ഗ. 3 നന്മ. 3 ത്രി.)

സാധുശീലനും ഹൃദയ എളിമയുള്ളവനുമായ ഈശോയെ! ഞങ്ങളുടെ ഹൃദയവും അങ്ങേ ഹൃദയം പോലെ ആക്കണമേ.

### ഈശോമിശിഹായുടെ തിരുഹൃദയ ലുത്തിനിയ

കർത്താവേ! അനുഗ്രഹിക്കണമേ.
മിശിഹായേ! അനുഗ്രഹിക്കണമേ.
കർത്താവേ! അനുഗ്രഹിക്കണമേ.
മിശിഹായേ! ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.
മിശിഹായേ! ഞങ്ങളുടെ പ്രാർത്ഥന കൈക്കൊള്ളണമേ.

"ഞങ്ങളെ അനുഗ്രഹിക്കണമേ" എന്ന് ഏറ്റു ചൊല്ലുക

ആകാശങ്ങളിലിരിക്കുന്ന ബാവാതമ്പുരാനേ,
ഭൂലോകരക്ഷിതാവായ പുത്രൻ തമ്പുരാനേ,
റൂഹാദക്കുദശാ തമ്പുരാനേ,
ഏകസ്വരൂപമായിരിക്കുന്ന ശുദ്ധ ത്രിത്വമേ,
നിത്യപിതാവിൻ കുമാരനായ ഈശോയുടെ തിരുഹൃദയമേ,
കന്യാസ്ത്രീ മാതാവിന്റെ തിരുവുദരത്തിൽ പരിശുദ്ധാരൂപിയാൽ ഉരുവാക്കപ്പെട്ട ഈശോയുടെ തിരുഹൃദയമേ,
ദൈവവചനത്തോടു കാതലായ വിധത്തിൽ ഒന്നിച്ചിരിക്കുന്ന ഈശോയുടെ തിരുഹൃദയമേ,
അനന്തമഹിമയുള്ള ഈശോയുടെ തിരുഹൃദയമേ,
ദൈവത്തിന്റെ പരിശുദ്ധ ആലയമായ ഈശോയുടെ തിരുഹൃദയമേ,
അത്യുന്നതന്റെ കൂടാരമായ ഈശോയുടെ തിരുഹൃദയമേ,
ദൈവഭവനവും മോക്ഷവാതിലുമായ ഈശോയുടെ തിരുഹൃദയമേ,
ജ്വലിച്ചെരിയുന്ന സ്നേഹാഗ്നിച്ചൂളയായ ഈശോയുടെ തിരുഹൃദയമേ,
നീതിയുടെയും സ്നേഹത്തിന്റെയും നിധിയായ ഈശോയുടെ തിരുഹൃദയമേ,
നന്മയും, സ്നേഹവും നിറഞ്ഞ ഈശോയുടെ തിരുഹൃദയമേ,
സകല പുണ്യങ്ങളുടെയും ആഴമായ ഈശോയുടെ തിരുഹൃദയമേ,
സകല! പുകഴ്ച്ചയ്ക്കും എത്രയും യോഗ്യമായ ഈശോയുടെ തിരുഹൃദയമേ,
സകല പുണ്യവാൻമാരുടെയും ആനന്ദമായ ഈശോയുടെ തിരുഹൃദയമേ,
ഭൂലോക പാപങ്ങളെ നീക്കിക്കളയുന്ന ദിവ്യചെമ്മരിയാട്ടിൻ കുട്ടി,
കർത്താവേ! ഞങ്ങളുടെ പാപങ്ങൾ പൊറുക്കണമേ.
ഭൂലോക പാപങ്ങളെ നീക്കിക്കളയുന്ന ദിവ്യചെമ്മരിയാട്ടിൻ കുട്ടി,
കർത്താവേ! ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.
ഭൂലോക പാപങ്ങളെ നീക്കിക്കളയുന്ന ദിവ്യചെമ്മരിയാട്ടിൻ കുട്ടി,
കർത്താവേ! ഞങ്ങളെ അനുഗ്രഹിക്കണമേ.

## പ്രാർത്ഥിക്കാം

സർവശക്തനമായ നിത്യനമായ സർേവ്വശ്വരാ! അങ്ങേ എത്രയും പ്രിയമുള്ള പുത്രന്റെ തിരുഹൃദയത്തേയും പാപികളുടെ പേർക്കായി അദ്ദേഹം അങ്ങേയ്ക്കു കാഴ്ച വെച്ച സ്തുതികളെയും പാപപരിഹാരങ്ങളെയും ഓർത്തു അങ്ങേ കൃപയെ യാചിക്കുന്നവർക്കു ദൈവമായ റൂഹാദക്കുദശായുടെ ഐക്യത്തിൽ നിത്യമായി നിന്നോടുകൂടെ ജീവിച്ചു വാഴുന്ന അങ്ങേ പുത്രനായ ഈശോമിശിഹായുടെ നാമത്തിൽ കൃപയുള്ളവനായി പൊറുതി നൽകിയരുളണമേ. ആമ്മേൻ.

## സുകൃതജപം

മരണാവസ്ഥയിൽ ഉൾപ്പെട്ട ഈശോയുടെ തിരുഹൃദയമേ, മരിക്കുന്നവരുടെമേൽ ദയയായിരിക്കണമേ

## സൽക്രിയ

മരണാവസ്ഥയിൽ ഉൾപ്പെട്ടിരിക്കുന്നവർക്കു വേണ്ടി 3 സ്വർഗ്ഗ. 3 നന്മ. 3 ത്രി. ചൊല്ലുക.

+++